ഉത്തരം

(എ—സി) പരവൂർ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം നടന്നുവരുന്നതേയുള്ളൂ.

(ഡി) സാദ്ധ്യതാ പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വന്തമായി കളിസ്ഥലം ഇല്ലാത്ത സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം

161 [927] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കളിസ്ഥലം ഇല്ലാത്ത സർക്കാർ ഹൈസ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കായിക മേളകളിൽ മികച്ച വിജയം നേടിയ സർക്കാർ സ്കൂളുകളിൽ സ്പോർട്ട്സ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി & സി) സ്വന്തമായി കളിസ്ഥലങ്ങളുള്ള സർക്കാർ സ്കൂളുകൾ അടക്കമുള്ള സ്കൂളുകൾ, കോളേജുകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ കളിസ്ഥലങ്ങൾ പുനരുദ്ധരിക്കുന്നതിനായി സാമ്പത്തിക സഹായം ലഭ്യമാക്കുന്ന ഒരു പദ്ധതി സ്പോർട്ട്സ് വകുപ്പിൽ നിലവിലുണ്ട്. ഇതിനായി സ്കൂൾ കായിക മേളയിൽ മികച്ച വിജയം നേടുന്ന സ്ഥാപനങ്ങൾക്ക് മുൻഗണന നൽകി വരുന്നു.

കേരള സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നീന്തൽ സമുച്ചയം

162 [928] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്പോർട്ട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പിരപ്പൻകോട് നിർമ്മാണം ആരംഭിച്ച അന്താരാഷ്ട്ര നീന്തൽ സമുച്ചയത്തിന്റെ പണി എത്ര വർഷമായി മുടങ്ങി കിടക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എന്ത് കൊണ്ടാണ് ഈ പദ്ധതിയുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly